DEPRESSED CLASS COLONIES—OCCUPATION BY OTHER CLASSES

332. മിസ്റ്റർ പി. കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു മാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഏതെല്ലാം അധഃകൃത കോളനികളിൽ അധഃകൃതരല്ലാത്തവർ താമസിക്കുന്നുണ്ടു്;

(ബി) അധഃകൃതരല്ലാത്തവർ താമസിക്കുന്നതുകൊണ്ടു് കോളനിവാസികളായ അധഃകൃതക്കു വല്ല വിഷമതകളും ഉള്ളതായി അറിവു കിട്ടീട്ടുണ്ടൊ ;

(സി) ഉണ്ടെങ്കിൽ അവരെ അവിടങ്ങളിൽനിന്നു് മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടൊ ?

ഡോക്ടർ എ. ആർ. മേനോൻ :

(എ) അധഃകൃതരല്ലാത്തവർ താമസിക്കുന്ന കോളനികളുടെ പേരുകൾ താഴെ ചേർക്കുന്നു.

(ക) വിജയരാഘവപുരം.
(ഖ) കടപ്പശ്ശേരി.
(ഗ) നായരങ്ങാടി.
(ഘ) ശ്രീമൂലം പുലയാ-വന്മീതി.
(ങ) നടത്തറ.
(ച) കൈനൂർ.
(ഛ) വെട്ടിയാട്ട.
(ജ) വരന്തരപ്പിള്ളി.
(ഝ) മാളവലിയപറമ്പു്.
(ഞ) ചെങ്ങാലൂർ.
(ട) ആളൂർ.
(ഠ) മങ്ങാട്ടു്.

(ബി) ഉവ്വു്.

(സി) ഉവ്വു്.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: അധഃകൃതരല്ലാത്തവക്കു താമസിക്കുവാനുള്ളതാണോ ഈ കോളനികൾ?

Dr. A. R. Menon *(Minister for Rural Development)*: I shall just read a passage. This is a report of the committee. "In the course of our visit to the various colonies, we found people of other castes, Ezhuvas, Christians, carpenters, etc., occupying colony sites. Our humble submission to the Government is that Government should take steps to remove them from such colonies, for the evils far out-weigh the benefits conferred by this. These outsiders try to exercise a superiority over the depressed classes. Petty quarrels are also occurring in some of these colonies due to the caste differences."

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി : സക്കാരിൽനിന്നും കെട്ടിയുണ്ടാക്കീട്ടുള്ള സ്ഥലത്തു് അധഃകൃതരല്ലാത്തവർ താമസിക്കുന്നുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ : താമസിക്കുന്നുണ്ടു്.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി : സക്കാരിൽനിന്നും പണം ചിലവാക്കി കെട്ടിമേച്ചിലും മറ്റും നടത്തിവരുന്ന സ്ഥലത്തു് അധഃകൃതരല്ലാത്തവർ എങ്ങിനെ വന്നുകൂടി?

ഡോക്ടർ എ. ആർ. മേനോൻ : അവർ ഇപ്പോഴല്ല താമസിച്ചുതുടങ്ങിയിട്ടുള്ളതു്. മുമ്പുതന്നെ അവിടെ താമസിച്ചിരുന്ന ആളുകൾ കുറെപ്പേരുണ്ടു്. അവരാണു് ഇപ്പോഴും താമസിക്കുന്നതു്. കഴിഞ്ഞ ഒന്നൊന്നരക്കൊല്ലമായിട്ടു് ഓരോന്നായി പരിശോധിച്ചുവരികയാണു്.

Mr. President : The other people smuggled ? *(Laughter).*

Dr. A. R. Menon *(Minister for Rural Development):* We are only giving them some little time for finding out other places. It is only a concession shown to them.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി : മഴക്കാലം തുടങ്ങുന്നതിനു മുമ്പുതന്നെ അവരെ പുറത്താക്കുവാൻ വേണ്ടതു ചെയ്താൽ കൊള്ളാം (ചിരി).

മിസ്റ്റർ സി. വി. ഇയ്യു : അധഃകൃതരല്ലാത്തവർ എന്നു പറഞ്ഞിട്ടുണ്ടു് അവർ ഹിന്ദുക്കൾതന്നെയാണോ?

ഡോക്ടർ എ. ആർ. മേനോൻ : ക്രിസ്ത്യാനികളുമുണ്ടു്; ഹിന്ദുക്കളുമുണ്ടു്. There sinners are in every caste and community, my dear friend *(Laughter).*

Mr. President: That is a common binding feature among all the communities.

INDUSTRIAL SCHOOLS AT PALANJI AND CHETHIKODE—RECOGNITION—DATES OF

333. Mr. C. V. Iyyu *(Kunnamkulam):* Will Government be pleased to state with reference to question No. 154, dated 29th January 1941, the dates on which the two industrial schools to which recognition has been granted were opened as also the dates on which they first applied for recognition?

Dr. A. R. Menon *(Minister for Rural Development):*

Name of school	*Date of opening*	*Date of application for recognition*
1. Needle work school, Palanji	17—12—13 1— 8—38	26—12—13 10— 8—38
2. St. Joseph's Industrial school, Chethikode	1—11—12 15— 6—37	20—12—12 4— 8—37

LIBRARY ARCHIVES Kerala Legislative Assembly